**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6157** **17-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസ് നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടം ഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തി വരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉൽപാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി വരുന്ന 10 വർഷത്തേയ്ക്കുള്ള 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളിലെ നിലവിലെ സാങ്കേതിക വിദ്യയായ Lap Feed ടെക്നോളോജിയിൽ നിന്നും Chute Feed ടെക്നോളോജിയിലേക്കുള്ള മാറ്റം, കൂടാതെ നിലവിലെ പഴക്കംചെന്നതും, കാലഹരണപ്പെട്ടതുമായ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുക എന്നീ നവീകരണ വികസന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു. |
| (ബി) | കോട്ടയം ടെക്സ്റ്റൈൽസ് ലേ ഓഫ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അസംസ്കൃത വസ്തുവായ പോളിസ്റ്ററിന്റെ സ്റ്റോക്ക് തീർന്ന സാഹചര്യത്തിൽ, മിൽ തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ 02-03-2023 മുതൽ 07-03-2023 വരെ മിൽ ലേ ഓഫിൽ ആയിരുന്നു. 08-03-2023 മുതൽ മിൽ വീണ്ടും തുടർന്ന് പ്രവർത്തിക്കുന്നു. |
| (സി) | പ്രസ്തുത ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (സി) | കോട്ടയം ടെക്സ്റ്റൈൽസ് നവീകരണത്തിനായി മാസ്റ്റർ പ്ലാനിൽ 59.05 കോടി രൂപയുടെ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം ആദ്യ ഘട്ടമായി ഓട്ടോകോണർ മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങാനാണ് പദ്ധതിയിട്ടിട്ടുള്ളത്. കൂടാതെ 2023-24 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 23.05 കോടിയിൽ കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണ പദ്ധതിയും ഉൾപ്പെടുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും ഇതര ആവശ്യങ്ങൾക്കുമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22ൽ 3.60 കോടി രൂപയും 2022-23ൽ 51.47 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021-2022ൽ മില്ല് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് 3,20,00,000/- രൂപയും തൻ വർഷം തന്നെ പ്രവർത്തനമൂലധനമായി 40,00,000/- രൂപയും 2022-2023ൽ 51,47,270/- രൂപയും ചേർത്ത് മൊത്തം 4,11,47,270/- രൂപ അനുവദിച്ച് നൽകി. |
| (ഇ) | തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണെന്ന് കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ? | (ഇ) | തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉത്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിനെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഏജൻസികൾ വിലയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ